**15 -ാം കേരള നിയമസഭ**

**3 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 222** **04-10-2021 - ൽ മറുപടിയ്ക്ക്**

**കോവിഡ്-നഷ്ടപരിഹാരം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. പി. ജെ. ജോസഫ് | | **Smt Veena George**<br>(ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി) | |
| (എ) | കോവിഡ് മൂലം മരണപ്പെട്ടവരുടെ കുടുംബങ്ങൾക്ക് നഷ്ടപരിഹാര തുക നൽകാൻ നടപടി സ്വീകരിച്ചിട്ടുണ്ടോ; | (എ) | കേന്ദ്ര ദുരന്ത നിവാരണ അതോറിറ്റിയുടെ "Guidelines for Ex-Gratia assistance to next of kin of the deceased by Covid-19" മാനദണ്ഡമനുസരിച്ച് കോവിഡ് -19 ബാധിച്ച് മരണമടഞ്ഞ വ്യക്തിയുടെ ഏറ്റവും അടുത്ത ബന്ധുവിന് സംസ്ഥാന ദുരന്ത പ്രതികരണ നിധിയിൽ നിന്നും 50,000/- രൂപ (അമ്പതിനായിരം രൂപ മാത്രം) ധനസഹായം നൽകാൻ ഉത്തരവായിട്ടുണ്ട്. അതനുസരിച്ച് സംസ്ഥാന ദുരന്ത പ്രതികരണ നിധിയുടെ മാനദണ്ഡം പുതുക്കിക്കൊണ്ട് കോവിഡ് -19 ബാധിച്ച് മരണമടഞ്ഞ വ്യക്തിയുടെ ഏറ്റവും അടുത്ത ബന്ധുവിന് സംസ്ഥാന ദുരന്ത പ്രതികരണ നിധിയിൽ നിന്നും 50,000/- രൂപ (അമ്പതിനായിരം രൂപ മാത്രം) ധനസഹായം നൽകുന്നതിന് 25.09.2021 തീയതിയിലെ സ.ഉ (കൈ)നം.3/2021-ഡിഎംഡി പ്രകാരം സംസ്ഥാന സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. രാജ്യത്ത് റിപ്പോർട്ട് ചെയ്ത ആദ്യത്തെ കോവിഡ് -19 കേസിന്റെ തീയതി മുതൽ കോവിഡ് 19 ദുരന്തമായി പ്രഖ്യാപിച്ച വിജ്ഞാപനം റദ്ദ് ചെയ്യുന്നതുവരെയോ ഇതു സംബന്ധിച്ച് പുതുക്കിയ ഉത്തരവ് പുറപ്പെടുവിക്കുന്നത് വരെയോ ഏതാണ് ആദ്യം അതുവരെ ഈ ധനസഹായം ബാധകമാണ്. ധനസഹായവിതരണം സുഗമവും സുതാര്യവുമാക്കുന്നതിനായി ലാൻഡ് റവന്യൂ കമ്മീഷണർ രൂപകൽപന ചെയ്ത റിലീഫ് പോർട്ടൽ ഭേദഗതിയോടെ അംഗീകരിക്കുകയും ടി പോർട്ടൽ വഴി ധനസഹായം വിതരണം ചെയ്യുവാനുള്ള നിർദ്ദേശം നൽകുകയും ചെയ്തിട്ടുണ്ട്. ഈ പോർട്ടൽ വഴി അപേക്ഷകർക്ക് ഓൺലൈനായി ധനസഹായത്തിന് അപേക്ഷിക്കാവുന്നതാണ്. പോർട്ടൽ പൂർണ്ണതോതിൽ പ്രവർത്തനമാരംഭിച്ച് അപേക്ഷകൾ ലഭ്യമാകുന്ന മുറയ്ക്ക് ധനസഹായ വിതരണം വേഗത്തിൽ പൂർത്തിയാക്കുന്നതാണ്. |

| | | | |
|---|---|---|---|
| (ബി) | നാളിതുവരെ സംസ്ഥാനത്ത് എത്രപേർക്ക് ഫസ്റ്റ് ഡോസ്, സെക്കന്റ് ഡോസ് വാക്സിനുകൾ വിതരണം ചെയ്തിട്ടുണ്ടെന്ന് വ്യക്തമാക്കാമോ? | (ബി) | സംസ്ഥാനത്ത് 29 സെപ്റ്റംബർ 2021 വരെ 24648965 (രണ്ട് കോടി നാൽപ്പത്തി ആറ് ലക്ഷത്തി നാൽപ്പത്തി എട്ടായിരത്തി തൊള്ളായിരത്തി അറുപത്തി അഞ്ച്) പേർക്ക് ഒന്നാം ഡോസ് കോവിഡ് വാക്സിൻ നൽകിയിട്ടുണ്ട്. പ്രസ്തുത തീയതി വരെ 1,08,55,907 (ഒരു കോടി എട്ടു ലക്ഷത്തി അമ്പത്തയ്യായിരത്തി തൊള്ളായിരത്തി ഏഴ്) പേർക്ക് രണ്ടാം ഡോസ് കോവിഡ് വാക്സിൻ നൽകിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ